## പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ.2938 19.06.2014-ലെ മറുപടിക്ക്

## പുനലൂർ-മൂവാറ്റുപുഴ സംസ്ഥാനപാതയുടെ വികസനം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. രാജു എബ്രഹാം | ശ്രീ. വി.കെ.ഇബ്രാഹിം കുഞ്ഞ് (പൊതുമരാമത്ത് വകുപ്പ് മന്ത്രി) |

(എ). പുനലൂർ-മൂവാറ്റുപുഴ സംസ്ഥാനപാതയുടെ വികസനം ഏതുഘട്ടം വരെയായി; ഇതിനായി ഇനി ഏതൊക്കെ പഞ്ചായത്തിൽ എത്ര ഭൂമി ഏറ്റെടുക്കാനുണ്ടെന്നുള്ള ലിസ്റ്റ് ലഭ്യമാക്കാമോ; കാലതാമസം ഉണ്ടായതിന്റെ കാരണം വ്യക്തമാക്കുമോ;

(എ). പുനലൂർ-മൂവാറ്റുപുഴ സംസ്ഥാന പാതയിൽ പൊൻകുന്നം മുതൽ തൊടുപുഴ വരെയുള്ള റോഡ് വികസന പ്രവൃത്തിയുടെ കരാർ 5.5.2014 തീയതിയിൽ ഒപ്പ് വച്ച് പ്രാരംഭ പ്രവർത്തനം തുടങ്ങിയിട്ടുണ്ട്. ബാക്കിയുള്ള , പുനലൂർ മുതൽ പൊൻകുന്നം വരെയുള്ള ഭാഗം PPP വ്യവസ്ഥയിൽ വികസിപ്പിക്കുവാനാണ് ഉദ്ദേശിക്കുന്നത്. ഇതിനായി ട്രാൻസാക്ഷൻ അഡ്വൈസറെ തിരഞ്ഞെടുക്കാനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. പഞ്ചായത്തു തലത്തിൽ ഇനി ഏറ്റെടുക്കേണ്ട സ്ഥലത്തിന്റെ വിവരം ചുവടെ ചേർക്കുന്നു.

| നം | പഞ്ചായത്ത് | വസ്തുക്കളുടെ എണ്ണം | വിസ്തീർണ്ണം ഹെക്ടർ |
|---|---|---|---|
| 1 | പത്തനാപുരം | 4 | 0.0073 |
| 2 | കലഞ്ഞൂർ | 9 | 0.0470 |
| 3 | അരുവാപുലം | 1 | 0.0005 |
| 4 | പ്രമാടം | 1 | 0.0003 |
| 5 | കോന്നി | 5 | 0.0123 |
| 6 | മൈലപ്ര | 15 | 0.0596 |
| 7 | റാന്നി | 11 | 0.0545 |
| 8 | പഴവങ്ങാടി | 20 | 0.2282 |
| ആകെ | | 66 | 0.4097 (101.24 സെന്റ്) |

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | | | മേൽ വിവരിച്ച വസ്തുക്കളുടെ സർവ്വേ നമ്പർ മുമ്പു നടത്തിയ പൊന്നുംവില നടപടികളിൽ നിന്നു വിട്ടുപോയതും, ചില വില്ലേജുകളിൽ സർവ്വേ റിക്കോഡുകൾ, റീ സർവ്വേ റിക്കോർഡുകൾ എന്നിവ ലഭ്യമല്ലാത്തതും കാലതാമസത്തിന് ഇടയാക്കി. പിന്നീട് സ്ഥലം ഏറ്റെടുക്കാൻ നടപടികൾ ആരംഭിച്ചെങ്കിലും 1.1.2014 മുതൽ പുതിയ LA Act പ്രാബല്യത്തിലായതിനാൽ സ്ഥലമെടുപ്പ് നടപടികൾ പുതിയ LA Act പ്രകാരം മാത്രമേ പൂർത്തിയാക്കാൻ സാധിക്കുകയുള്ളു. |
| (ബി). | ഏതു സ്ഥലങ്ങളിലൊക്കെ പുനലൂർ-മൂവാറ്റുപുഴ സംസ്ഥാന പാതയുടെ വികസനം ആരംഭിച്ചെന്ന് പഞ്ചായത്ത് തിരിച്ച് വിശദമാക്കാമോ; | (ബി) & (സി) | പഞ്ചായത്തു തിരിച്ചല്ല റോഡിന്റെ പ്രവൃത്തി ആരംഭിക്കുന്നത്. പൊൻകുന്നം-തൊടുപുഴ ഭാഗത്തിന്റെ കരാർ ഒപ്പിട്ട് നിർമ്മാണ പ്രവൃത്തികൾ ഓഗസ്റ്റ് മാസത്തോടെ ആരംഭിക്കുവാൻ സാധിക്കുമെന്നാണ് പ്രതീക്ഷിയ്ക്കുന്നത്. |
| (സി). | ഇനിയും പണി ആരംഭിക്കാനുള്ള പഞ്ചായത്തുകളിൽ എന്ന് പണി ആരംഭിക്കുമെന്ന് വിശദീകരിക്കാമോ; | | |
| (ഡി). | പണി പൂർത്തിയാക്കാൻ എന്തു കാലതാമസം എടുക്കും; പദ്ധതിക്കായി അനുവദിച്ച ഫണ്ട് എത്രയാണ്; | (ഡി). | പണി 2016 നവംബർ മാസത്തോടെ പൂർത്തിയാക്കാനാണ് ഉദ്ദേശിക്കുന്നത്. പദ്ധതിയുടെ കരാർ തുക 2,27,13,73,548/- ആണ്. കെ.എസ്.ടി.പി പദ്ധതിക്കായി 217 കോടി രൂപ ഈ വർഷത്തെ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. |
| (ഇ). | നിർമ്മാണം പൂർണ്ണമായും ആരംഭിച്ചിട്ടില്ലാത്ത റീച്ചുകളിലെ റോഡുകളുടെ അറ്റകുറ്റപ്പണിക്ക് അടിയന്തിരമായി ഫണ്ടനുവദിക്കാൻ നടപടി സ്വീകരിക്കുമോ? | (ഇ). | പൊൻകുന്നം മുതൽ തൊടുപുഴ വരെയുള്ള റോഡിന്റെ അറ്റകുറ്റപണികൾ കരാറുകാരനെ ഏൽപ്പിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ